പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 115 04.06.2018 ൽ മറുപടിയ്ക്ക്

# കുമാരി ജസ്നയുടെ തിരോധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ്ജ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | മുക്കൂട്ടുതറ സ്വദേശിനിയായ കുമാരി ജസ്നയുടെ തിരോധാനം സംഭവിച്ചിട്ട് 2 മാസമായിട്ടും പോലീസ് അന്വേഷണത്തിൽ വേണ്ടത്ര പുരോഗതി ഇല്ലാത്തതിനാൽ മറ്റ് ഏജൻസികൾക്ക് അന്വേഷണം കൈമാറുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) & (ബി) | മുക്കൂട്ടുതറ സ്വദേശിനിയായ കുമാരി ജസ്നയുടെ തിരോധാനവുമായി ബന്ധപ്പെട്ട് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 201/2018 U/s 57 of KP Act പ്രകാരമുള്ള കേസ്സിന്റെ ആദ്യാന്വേഷണം വെച്ചൂച്ചിറ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക പോലീസ് സംഘമാണ് നടത്തിയത്. പിന്നീട് ഈ കേസ്സ് റാന്നി പോലീസ് ഇൻസ്പെക്ടർ, പെരുനാട് പോലീസ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക പോലീസ് സംഘങ്ങൾ ഏറ്റെടുത്ത് നടത്തി വന്നിരുന്നു. തുടർന്ന് തിരുവല്ല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സൈബർ വിദഗ്ധന്മാരും വനിതാ പോലീസ് ഇൻസ്പെക്ടറും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം ഈ കേസ്സിന്റെ അന്വേഷണം നടത്തിവന്നിരുന്നതും spectum ഉപയോഗിച്ച് ഒരു ലക്ഷത്തോളം ഫോൺകോളുകൾ പരിശോധിച്ചിട്ടുള്ളതും, ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തേയും പത്രങ്ങളിൽ Look out Notice പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചും ടി പെൺകുട്ടിയുടെ വീടും പരിസരവും പരിശോധിച്ച് അയൽവാസികളേയും മറ്റും കണ്ടു ചോദിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് 22.03.2018 തീയതി മുതൽ ഇന്നേവരെ തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പോലീസ് |
| (ബി) | ഈ തിരോധാനം സംബന്ധിച്ച കേസന്വേഷണത്തിന്റെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ ? | | |

ഉദ്യോഗസ്ഥരെ നിയോഗിച്ചയച്ചിട്ടുള്ളതും തുടർന്ന് ടിയാളെ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കുമാരി ജസ്ന വിദേശരാജ്യത്തേയ്ക്ക് പോയിട്ടുണ്ടോ-യെന്നറിയുന്നതിന് Regional Passport Officer-മാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഈ കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ ടി പെൺകുട്ടിയെ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ലാത്തതും തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ സൈബർ വിദഗ്ധന്മാരും വനിതാ പോലീസ് ഇൻസ്പെക്ടറും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്.

സെക്ഷൻ ഓഫീസർ